| പത്രക്കുറിപ്പ് | 2018<br>ആഗസ്റ്റ്<br>11<br>ശനി |
|---|---|

ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് - കേരള സർക്കാർ, www.prd.kerala.gov.in

ജില്ലാ ഇൻഫർമേഷൻ ഓഫീസ്, കോഴിക്കോട് 0495 2370225, dio.prd@gmail.com

## കാലവർഷക്കെടുതി ; ജില്ലയിൽ സർവ്വകക്ഷി യോഗം ചേർന്നു താമരശേരി ചുരത്തിൽ അപകട ഭീഷണിയിലുള്ള കെട്ടിടം പൊളിച്ചു നീക്കും

ജില്ലയിൽ കാലവർഷക്കെടുതികൾ നേരിടുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിന് മന്ത്രിമാരായ ടി.പി രാമകൃഷ്ണൻ, എ.കെ. ശശീന്ദ്രൻ എന്നിവരുടെ നേതൃത്വത്തിൽ സർവ്വകക്ഷി യോഗം ചേർന്നു. താമരശേരി ചുരത്തിൽ രണ്ടാം വളവിൽ അപകടാവസ്ഥയിലുള്ള കെട്ടിടം പൊളിച്ച് നീക്കാൻ നടപടി സ്വീകരിക്കുന്നതിന് യോഗത്തിൽ തീരുമാനമായി. ഇത് സംബന്ധിച്ച് പരിശോധിച്ച് നടപടി സ്വീകരിക്കാൻ വിവിധ വകുപ്പ് ഉദ്യോഗസ്ഥർക്ക് മന്ത്രിമാർ നിർദേശം നൽകി. കുറ്റ്യാടി ചുരം ഗതാഗത യോഗ്യമാക്കുന്നതിന് നടപടി സ്വീകരിച്ചതായും തകർന്ന കക്കയം ഡാം സൈറ്റിലേക്കുള്ള റോഡ് ഗതാഗത യോഗ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമെന്നും മന്ത്രി യോഗത്തിൽ അറിയിച്ചു. താമരശ്ശേരി, കുറ്റ്യാടി ചുരങ്ങളിലുള്ള അനധികൃത കെട്ടിടങ്ങളെ പറ്റി പരിശോധിച്ച് റിപ്പോർട്ട് നൽകാനും യോഗം നിർദേശിച്ചു.

എൻ.ഡി.ആർ.എഫിന്റെ കേന്ദ്രം കോഴിക്കോട് വേണം. തുടർച്ചയായി ഉരുൾ പൊട്ടൽ ഉണ്ടാകുന്നത് സംബന്ധിച്ച് ശാസ്ത്രീയ പഠനം വേണമെന്നും മന്ത്രി അഭിപ്രായപ്പെട്ടു. കണ്ണപ്പൻ കുണ്ട് പാലത്തിൽ സ്ഥിതിഗതികൾ വിലയിരുത്തിയ ശേഷം നടപടിയെടുക്കും. ബ്ലോക്ക് തലത്തിൽ യോഗം ചേരുന്നതിന് നിർദേശം നൽകുമെന്നും അടിയന്തര സാഹചര്യം കണക്കിലെടുത്ത് ഉദ്യോഗസ്ഥർ ഞായറാഴ്ച ഉൾപ്പെടെ അവധി ദിവസങ്ങളിൽ ജോലിക്ക് ഹാജരാകണമെന്നും മന്ത്രിമാർ പറഞ്ഞു.

വീട് നഷ്ടപ്പെടുന്നവർക്ക് അടിയന്തര നഷ്ടപരിഹാരം നൽകി വീട് നിർമാണത്തിന് നടപടി ഉണ്ടാകണമെന്ന് യോഗത്തിൽ എം.കെ.രാഘവൻ എം.പി പറഞ്ഞു. വില്ലേജ് ഓഫീസുകൾ മുഖേന സമയബന്ധിതമായി നാശനഷ്ടങ്ങളുടെ കണക്കെടുത്ത് കൃഷിനാശത്തിനും തുക വിതരണം ചെയ്യണമെന്നും എം.പി പറഞ്ഞു.

കലക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൽ മേയർ തോട്ടത്തിൽ രവീന്ദ്രൻ, എം.കെ രാഘവൻ എം.പി, എം.എൽ.എമാരായ പുരുഷൻ കടലുണ്ടി, പി.ടി.എ റഹീം, കെ.ദാസൻ, പാറക്കൽ അബ്ദുള്ള, സി.കെ നാണു, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ബാബു പറശ്ശേരി, ജില്ലാ കലക്ടർ യുവി ജോസ്, സബ് കലക്ടർ വി വിഘ്നേശ്വരി, എ.ഡി.എം ടി ജനിൽ കുമാർ, അസി.കലക്ടർ കെ.എസ് അഞ്ജു, അഡിഷണൽ ഡി.എം.ഒ ഡോ.ആശാ ദേവി, ആരോഗ്യകേരളം ജില്ലാ കോർഡിനേറ്റർ ഡോ.നവീൻ, തൂണേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സി.എച്ച് ബാലകൃഷ്ണൻ, ഫറോക്ക് നഗരസഭ ചെയർപേഴ്സൺ കെ. കമറു ലൈല, രാമനാട്ടുകര നഗരസഭാ ചെയർമാൻ വാഴയിൽ ബാലകൃഷ്ണൻ, കൊയിലാണ്ടി നഗരസഭാ ചെയർമാൻ

അഡ്വ.കെ സത്യൻ, മുക്കംനഗരസഭാ ചെയർമാൻ വി.കുഞ്ഞൻ, കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എൻ.മനോജ് കുമാർ, കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഏലിയാമ്മ ജോർജ്ജ്, ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഒ.പി ശോഭന, പന്തലായനി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.എം ശോഭ, മേലടി ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് പി.വി കൈരളി, രാഷ്ട്രീയക ക്ഷി നേതാക്കളായ ഉമ്മർ പാണ്ടികശാല, കെ.ലോഹ്യ, എൻ.വി ബാബുരാജ്, പി.ആർ സുനിൽ സിംഗ് ഇ.സി സതീശൻ, പി.കെ നാസർ, ടി.വി ബാലൻ, കെ.സനിൽ,സി അമർനാഥ്, ഒ.പി വേലായുധൻ, സി.സത്യചന്ദ്രൻ എന്നിവർ സംബന്ധിച്ചു.

## മഴക്കെടുതി ; ദുരന്ത നിവാരണ അതോറിറ്റി അടിയന്തര യോഗം ചേർന്നു

താമരശേരി ചുരത്തിൽ രണ്ടാം വളവിൽ അപകട ഭീഷണിയിലുള്ള കെട്ടിടം പൊളിച്ച് നീക്കുന്നത് സംബന്ധിച്ച് പരിശോധിച്ച് നടപടി സ്വീകരിക്കാൻ ജില്ലാ ദുരന്തനിവാരണ അതോറിറ്റി യോഗം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. കുറ്റ്യാടി ചുരത്തിലും വയനാട് ചുരത്തിലും അപകട സാധ്യതയുള്ള മേഖലകൾ സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നതിനും യോഗത്തിൽ മന്ത്രിമാരായ ടി.പി രാമകൃഷ്ണൻ, എ.കെ ശശീന്ദ്രൻ എന്നിവർ നിർദ്ദേശം നൽകി. കുറ്റ്യാടി ജലസേചന പദ്ധതിയുടെ കനാലുകൾ ചോർച്ചയുണ്ടാകാനുള്ള സാധ്യതകൾ പരിശോധിച്ച് നടപടി സ്വീകരിക്കണമെന്ന് മന്ത്രി ടി.പി.രാമകൃഷ്ണൻ നിർദ്ദേശം നൽകി. സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കി ഉദ്യോഗസ്ഥർ ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ മുന്നിട്ടിറങ്ങണം. സാങ്കേതികത്വം പറഞ്ഞു ദുരിത ബാധിതർക്കുള്ള സഹായം വൈകിപ്പിക്കരുതെന്നും മന്ത്രി ടി പി രാമകൃഷ്ണൻ പറഞ്ഞു.

ക്യാപുകളിൽ താമസിക്കുന്നവർക്ക് എല്ലാ സഹായവും എത്തിക്കാൻ നിർദ്ദേശം നൽകി കഴിഞ്ഞു. കുറ്റ്യാടി, താമരശേരി, മുക്കം എന്നിവിടങ്ങളിൽ കേന്ദ്രീകരിച്ച് സൈന്യം ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ സഹായിക്കുന്നുണ്ട്. ജില്ലയിലെ 15 ദുരിതാശ്വാസ ക്യാമ്പുകളിലും ഭക്ഷണം, കുടിവെള്ളം, വൈദ്യ ശുശ്രൂഷ, മരുന്ന് എന്നിവയെല്ലാം ലഭ്യമാണ്. പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് വിവിധ വകുപ്പു മേധാവികളുടെ 7 ടീമുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഉരുൾപൊട്ടലും മണ്ണിടിച്ചിലും ഉണ്ടായ പ്രദേശങ്ങളിൽ അനധികൃത കെട്ടിടങ്ങൾ ഉണ്ടായിരുന്നോ എന്ന് പരിശോധിക്കുമെന്നും ഉണ്ടെങ്കിൽ കർശന നടപടി യെടുക്കുമെന്നും മന്ത്രി അറിയിച്ചു.

ജില്ലാ കലക്ടർ യു.വി ജോസ്, സബ് കലക്ടർ വി.വിഘ്നേശ്വരി, എ.ഡി.എം ടി ജനിൽ കുമാർ, അസി.കലക്ടർ കെ.എസ് അഞ്ജു,ദുരന്തനിവാരണ ഡപ്യൂട്ടി കലക്ടർ എം.റംല, സിറ്റി അസി.കമ്മീഷണർ കെ.സുദർശൻ, ആരോഗ്യകേരളം ജില്ലാ കോർഡിനേറ്റർ ഡോ.നവീൻ, കുറ്റ്യാടി ഇറിഗേഷൻ എക്സി.എഞ്ചിനീയർ കെ.എം അലി, റൂറൽ ഡി.വൈ.എസ്.പി എം.സുബൈർ, ഡെ.ഡയറക്ടർ ഓഫ് പഞ്ചായത്ത് സെക്ഷൻ സൂപ്രണ്ട് സി.മുരളീധരൻ, ജില്ലാ ഇൻഫർമേഷൻ ഓഫീസർ എം.മധുസൂ ദനൻ, കൊയിലാണ്ടി മൈനർ ഇറിഗേഷൻ അസ്സി.എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇ.സ ദാശിവൻ, ജില്ലാ ഫയർ ഓഫീസർ ടി.രജീഷ്, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ ജി.ബാബു തുടങ്ങിയവർ പങ്കെടുത്തു.

## മന്ത്രി എ.കെ ശശീന്ദ്രൻ താമരശ്ശേരി ചുരം സന്ദർശിച്ചു

കനത്ത മഴയെത്തുടർന്ന് അപകടാവസ്ഥയിലായ താമരശ്ശേരി ചുരത്തിൽ ഗതാ ഗത വകുപ്പ് മന്ത്രി എ.കെ ശശീന്ദ്രൻ സന്ദർശനം നടത്തി. ചുരത്തിലെ രണ്ടാം വള വിൽ അപകടാവസ്ഥയിലുള്ള നാല് നില കെട്ടിടം പൊളിച്ചു മാറ്റുന്നതിന് മന്ത്രി

നിർദേശം നൽകി. ഇതു സംബന്ധിച്ച് വിദഗ്ധരുമായി ചർച്ച നടത്തിയ ശേഷം നടപടി സ്വീകരിക്കുമെന്ന് മന്ത്രി അറിയിച്ചു. ചുരം റോഡിൽ കെട്ടിടങ്ങൾക്ക് സമീപം ഭീഷണിയുയർത്തി നിൽക്കുന്ന മരം ദുരന്തനിവാരണ നിയമമനുസരിച്ച് മുറിച്ചുമാറ്റുന്നതിന് ജില്ലാ കലക്ടർ നടപടിയെടുക്കുമെന്നും മന്ത്രി അറിയിച്ചു. ജോർജ് എം തോമസ് എം.എൽ.എ, ജില്ലാ കലക്ടർ യു.വി ജോസ്, അസി കലക്ടർ കെ.എസ് അഞ്ജു, പി.ഡബ്ല്യു.ഡി എക്സിക്യുട്ടീവ് എഞ്ചിനീയർ വിനയരാജ്, യു.എൽ.സി.സി.എസ് എഞ്ചിനീയറിംഗ് വിദഗ്ധർ എന്നിവർ മന്ത്രിയോടൊപ്പം സ്ഥലം സന്ദർശിച്ചു.

## സപ്ലൈകോ ഓണം ബക്രീദ് മേള തുടങ്ങി
## ഓണക്കാലത്ത് വിലക്കയറ്റം തടയാൻ ശക്തമായ നടപടി-മന്ത്രി

കാണം വിൽക്കാതെ തന്നെ ഓണം ആഘോഷിക്കാനാവുന്ന തരത്തിൽ ഭക്ഷ്യവിതരണത്തിനുള്ള നടപടികളാണ് സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്നതെന്ന് തൊഴിൽഎക്സൈസ് വകുപ്പ് മന്ത്രി ടി.പി രാമകൃഷ്ണൻ പറഞ്ഞു. ഇ.എം.എസ് കോർപ്പറേഷൻ സ്റ്റേഡിയത്തിൽ സപ്ലൈക്കോയുടെ ഓണം ബക്രീദ് മേള ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ഓണക്കാലത്ത് പൂഴ്ത്തിവെപ്പും കരിഞ്ചന്തയും തടയുകയും വിലവർദ്ധനയ്ക്ക് ഇടയാക്കാതെ ഗുണനിലവാരമുള്ള ഭക്ഷ്യധാന്യങ്ങൾ മിതമായ വിലയിൽ എല്ലാവർക്കും ലഭ്യമാക്കുന്നതിനായാണ് സർക്കാർ ശ്രമിക്കുന്നതെന്നും മന്ത്രി പറഞ്ഞു. തുടർന്നും പൊതുവിതരണ സംവിധാനം ശക്തമാക്കുന്നതിന് നടപടി സ്വീകരിക്കും.

2017-18 വർഷത്തിൽ 500 കോടി രൂപ സബ്സിഡി ഇനത്തിൽ വിതരണം ചെയ്തു കഴിഞ്ഞു. 21 മാവേലി സ്റ്റോറുകളും 10 സൂപ്പർമാർക്കറ്റുകളും രണ്ട് പീപ്പിൾസ് ബസാറുകളും ഈ സർക്കാർ അധികാരത്തിൽ പുതുതായി ആരംഭിച്ചു. 8000 ഓണം - ബക്രീദ് ചന്തകളും തുടങ്ങുമെന്നും മന്ത്രി പറഞ്ഞു. കൃഷിവകുപ്പിന്റെ കീഴിൽ 2000 പച്ചക്കറി ചന്തകൾ ആരംഭിക്കുന്നുണ്ട്. 1662 മാർക്കറ്റുകൾ കൂടി സപ്ലൈക്കോയ്ക്ക് കീഴിൽ ഒരുക്കിയിട്ടുണ്ട്. വിലക്കയറ്റം നിയന്ത്രിക്കാൻ പൊതുവിതരണ സംവിധാനം ശക്തമാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും മന്ത്രി പറഞ്ഞു. മുൻപ് ലഭിച്ചു കൊണ്ടിരുന്ന 16 ലക്ഷം ടൺ റേഷനരി പുനസ്ഥാപിക്കാനാണ് കേന്ദ്രസർക്കാറിനോട് ആവശ്യപ്പെടുന്നതെന്നും നിലവിൽ അഞ്ച് ലക്ഷം പുതിയ റേഷൻ കാർഡിന് അപേക്ഷ ലഭിച്ചതായും മന്ത്രി പറഞ്ഞു.

മേയർ തോട്ടത്തിൽ രവീന്ദ്രൻ അധ്യക്ഷത വഹിച്ചു. റീജ്യണൽ മാനേജർ ഉസ്മാൻ കെ, മാമ്പറ്റ ശ്രീധരൻ, പി.കെ നാസർ, പി.ടി ആസാദ്, ജിജേന്ദ്രൻ പി, സി.പി ഹമീദ്, പി.വി നവീന്ദ്രൻ, സി വീരാൻകുട്ടി, ജില്ലാ സപ്ലൈ ഓഫീസർ കെ.മനോജ് കുമാർ എന്നിവർ സംസാരിച്ചു.

## ജില്ലയിൽ കനത്ത മഴ തുടരുന്നു

ജില്ലയിൽ മലയോര മേഖലയിൽ കനത്ത മഴ തുടരുന്നു. താമരശ്ശേരി താലൂക്കിൽ രാരോത്ത് വീട് ഭാഗികമായി തകർന്നു. വടകര താലൂക്കിൽ പുറമേരി വില്ലേജിൽ ശക്തമായ കാറ്റിൽ 8 വീടുകൾക്ക് ഭാഗിക തകരാറുകൾ സംഭവിച്ചു. ജില്ലയിൽ 24 മണിക്കൂറും കൺട്രോൾ റൂമുകൾ പ്രവർത്തിക്കുന്നുണ്ട്. കലക്ടറേറ് -0495-2371002, കോഴിക്കോട് -0495-2372966, താമരശ്ശേരി -0495-2223088, കൊയിലാണ്ടി -0496-2620235, വടകര -0496-2522361.

## കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടണം -മന്ത്രി ടി.പി. രാമകൃഷ്ണൻ

കുട്ടികൾക്ക് അവരുടെ കാഴ്ചപ്പാടുകൾ സ്വതന്ത്രമായി പ്രകടിപ്പിക്കാനുള്ള അവസരം ലഭിക്കണമെന്നും അവരുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടണമെന്നും തൊഴിൽ എക്സൈസ് വകുപ്പ് മന്ത്രി ടി.പി.രാമകൃഷ്ണൻ. അവഗണന, അതിക്രമം, അധിക്ഷേപം, ചൂഷണം തുടങ്ങിയവയിൽ നിന്ന് സംരക്ഷണം നൽകാനും സുരക്ഷിതമായ അന്തരീക്ഷത്തിൽ വളരാനുള്ള സാഹചര്യം ഒരുക്കാനും സമൂഹത്തിന് ബാധ്യതയുണ്ടെന്നും അദ്ദേഹം പറഞ്ഞു. സംസ്ഥാന ശിശുക്ഷേമ സമിതിയുടെ നേതൃത്വത്തിൽ ആരംഭിച്ച ശിശു സംരക്ഷണ കേന്ദ്രം തണൽ കുട്ടികളുടെ അഭയകേന്ദ്രം-1517 മന്ദിരോദ്ഘാടനം നിർവഹിച്ച് സംസാരി ക്കുകയായിരുന്നു മന്ത്രി.

മായനാട് പെയിൻ ആന്റ് പാലീയേറ്റീവ് മെഡിസിന് സമീപമാണ് അഭയകേന്ദ്രം പ്രവർത്തിക്കുന്നത്. ചടങ്ങിൽ എ.പ്രദീപ് കുമാർ എം.എൽ.എ അധ്യക്ഷത വഹിച്ചു.
ആധുനിക സംവിധാനത്തോടു കൂടിയ അമ്മത്തൊട്ടിൽ നിർമ്മിക്കാനായി ബീച്ച് ആശുപത്രിയ്ക്ക് സമീപം സ്ഥലം ഏറ്റെടുത്തിട്ടുണ്ടെന്നും എത്രയും പെട്ടെന്ന് പ്രവർത്തനമാരംഭിക്കുകയും ചെയ്യുമെന്നും ചടങ്ങിൽ എം.എൽ.എ പറഞ്ഞു. കുട്ടികളിലെ പ്രശ്നങ്ങൾക്ക് തുടർച്ചയായി ഇടപ്പെട്ട് പരിഹാരം കണ്ടെത്തി കുട്ടികളെ മുൻനിരയിലെത്തിക്കുകയാണ് തണലിന്റെ ലക്ഷ്യം.1517 എന്ന ടോൾ ഫ്രീ നമ്പറിൽ വിളിച്ച് പരാതികൾ രജിസ്റ്റർ ചെയ്യാം.

വാർഡ് കൗൺസിലർ എം.പത്മാവതി, ചൈൽഡ് വെൽഫയർ ചെയർമാൻ കെ.രാജൻ, കേരള സംസ്ഥാന ശിശുക്ഷേമസമിതി വൈസ് പ്രസിഡന്റ് അഴീക്കോടൻ ചന്ദ്രൻ, സംസ്ഥാന ശിശുക്ഷേമ സമിതി ട്രഷറർ ജി.രാധാകൃഷ്ണൻ, സംസ്ഥാന ശിശുക്ഷേമ സമിതി ജോയിന്റ് സെക്രട്ടറി പി.എസ്. ഭാരതി, എക്സിക്യൂട്ടിവ് കമ്മിറ്റി അംഗങ്ങളായ എം.കെ. പശുപതി, ഒ.എം.ബാലകൃഷ്ണൻ, ആർ. രാജു, ജില്ലാ സാമൂഹ്യനീതി ഓഫീസർ ഷീബ മുംതാസ്, ജില്ലാ ആർ.സി.എച്ച് ഓഫീസർ ഡോ. സരള നായർ, ജില്ലാ ചൈൽഡ് പ്രോട്ടക്ഷൻ ഓഫീസർ ജോസഫ് റിബലോ, സംസ്ഥാന ശിശുക്ഷേമ സമിതി ജനറൽ സെക്രട്ടറി അഡ്വ. ദീപക് എസ്.പി, ജില്ലാ സെക്രട്ടറി കെ.വിജയൻ എന്നിവർ സംസാരിച്ചു.

## കിണർ പരിപാലന പുരസ്കാരവുമായി അഴിയൂർ

അഴിയൂർ ഗ്രാമപഞ്ചായത്തിലെ കിണറുകളെ നിർമ്മാണ രീതി, സംപോഷണ പ്രവർത്തനങ്ങൾ, പരിസരശുചിത്വം, ജലശുദ്ധി എന്നീ ഘടകങ്ങളെ ജനപ്രതിനിധികൾ, ജലമിത്രങ്ങൾ എന്നിവർ ചേർന്ന് പരിശോധിച്ച് ഗ്രേഡ് നിശ്ചയിച്ച് കിണർ പരിപാലന പുരസ്കാരം നൽകും. ഒരുവാർഡിൽ അഞ്ച് കിണറുകൾ തിരഞ്ഞെടുത്ത് സി.സി.ഡി.യു ഉദ്യോഗസ്ഥർ പരിശോധന നടത്തിയാണ് പുരസ്കാരം നിശ്ചയിക്കുക. ഒരുവാർഡിൽ നിന്ന് ഒന്ന് പ്രകാരം 18 കിണറുകൾക്കാണ് പുരസ്കാരം നൽകുക. സർക്കാർ സ്ഥാപനമായ കമ്മ്യൂണിക്കേഷൻ ആന്റ് കപ്പാസിറ്റി ഡവലപ്പ്മെന്റ് യൂണിറ്റിന്റെ സഹായത്തോടെയാണ് പരിപാടി നടത്തുന്നത്. ശുചിത്വ സർവ്വെയുടേയും ജല ഗുണനിലവാര പരിശോധനയുടേയും അടിസ്ഥാനത്തിൽ ലഭിക്കുന്ന മാർക്ക് അനുസരിച്ച് കിണറുകളുടെ ഗ്രേഡുകൾ എ, ബി, സി, ഡി, ഇ എന്നിങ്ങനെയുള്ള രീതിയിലാണ് തരംതിരിക്കുക.

കിണർ നിർമ്മാണ രീതി ,കിണർ സംപോഷണ പ്രവർത്തനങ്ങൾ, പരിസര ശുചിത്വം, ജലശുദ്ധി എന്നീ ഘടകങ്ങളെ അടിസ്ഥാനമാക്കിയാണ് പുരസ്കാരം നിർണ്ണയിക്കുന്നത്. ജലനിധിയുടെ കിണർ റീചാർജ്ജ് പദ്ധതിയിൽ കോഴിക്കോട് ജില്ലയിൽ തിരഞ്ഞെടുക്കപ്പെട്ട ഏകപഞ്ചായത്താണ് അഴിയൂർ. മുഴുവൻ കിണറുകളേയും ശുദ്ധജല കിണറുകളാക്കി മാറ്റുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് നവീനമായ പരിപാടി ആരംഭിക്കുന്നത്. ഇത് സംബന്ധിച്ച് പഞ്ചായത്തിൽ ചേർന്ന ആലോചനാ യോഗത്തിൽ പ്രസിഡന്റ് ഇ.ടിഅയൂബ്

അധ്യക്ഷത വഹിച്ചു. സി.സി.ഡി.യു പ്രോഗ്രാംകോ-ഓർഡിനേറ്റർ ബി.കെമുകേഷ് ചോദ്യാവലി പരിചയപ്പെടുത്തി. സെക്രട്ടറിടി.ഷാഹുൽഹമീദ് , വൈസ് പ്രസിഡന്റ് റീന രയരോത്ത്, മെഡിക്കൽഓഫീസർ പി.എച്ച്.സി ഡോ.അബ്ദുൾ നസീർ മറ്റ് ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

## കർഷകരിൽ നിന്ന് അപേക്ഷ ക്ഷണിച്ചു

ചിങ്ങം ഒന്ന് കർഷക ദിനാചരണത്തിന്റെ ഭാഗമായി ചെറുവണ്ണൂർ കൃഷി ഭവന്റെ ആഭിമുഖ്യത്തിൽ മികച്ച കർഷകരെ ആദരിക്കുന്നതിനായി കർഷകരിൽ നിന്നു അപേക്ഷ ക്ഷണിച്ചു. തെങ്ങ്,നെല്ല് കൃഷി ചെയുന്നവർ, ക്ഷീരകർഷകർ, വനിത കർഷക, യുവകർഷകൻ,സമഗ്ര കർഷകൻ, പട്ടികജാതി കർഷകൻ, കർഷക തൊഴിലാളി എന്നീ വിഭാഗങ്ങളിൽപെട്ടവരിൽ നിന്നാണ് അപേക്ഷ ക്ഷണിച്ചത്. താൽപര്യമുള്ളവർ ഈ മാസം 13 ന് രണ്ടുമണിക്കു മുൻപായി വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ കൃഷിഭവനിൽ എത്തിക്കണം.

.............................................